പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 4622

13.11.2019 -ലെ മറുപടിയ്ക്ക്

## തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ

ചോദ്യം

ശ്രീ.പി.ടി. തോമസ്
ശ്രീ.എം. വിൻസെന്റ്
ശ്രീ.സണ്ണി ജോസഫ്
ശ്രീ. വി.പി. സജീന്ദ്രൻ :

എ) തൊഴിൽ നിയമങ്ങളിൽ കേന്ദ്ര സർക്കാർ കാതലായ മാറ്റങ്ങൾ കൊണ്ടുവരുമ്പോൾ സംസ്ഥാനത്ത് തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്നതിനും തൊഴിലാളികളും തൊഴിലുടമകളുമായുള്ള പ്രശ്നങ്ങൾ രമ്യതയിൽ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) 1936-ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1948-ലെ മിനിമം വേതന നിയമം, 1965-ലെ പേയ്മെന്റ് ഓഫ് ബോണസ് നിയമം, 1976-ലെ ഈക്വൽ റമ്യൂണറേഷൻ നിയമം എന്നീ നാല് നിയമങ്ങൾ കോഡ് ഓൺ വേജസ് നിലവിൽ വരുമ്പോൾ റദ്ദാക്കപ്പെടുന്നുണ്ട്. എന്നാൽ ഇപ്രകാരം റദ്ദാക്കപ്പെട്ട നിയമങ്ങൾ പ്രകാരമുള്ള നോട്ടിഫിക്കേഷനുകൾ, നോമിനേഷനുകൾ, നിയമനം, ഉത്തരവുകൾ, നിർദ്ദേശങ്ങൾ, പ്രസ്തുത നിയമങ്ങൾ പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വേതനം എന്നിവ കോഡ് ഓൺ വേജസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്തിടത്തോളം ഈ നിയമത്തിലെ സമാന വ്യവസ്ഥകൾക്കുവേണ്ടി രൂപീകരിക്കപ്പെട്ടതായി തന്നെ തുടരുന്നതാണ്. പാർലമെന്റ് പാസാക്കുന്ന തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് ബാദ്ധ്യതയുണ്ട്. എന്നാൽ ടി നിയമങ്ങളിൽ സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കാൻ നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ച് സംസ്ഥാന താൽപ്പര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ചട്ടങ്ങൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു.

സംസ്ഥാനത്ത് വ്യവസായ മേഖലയിൽ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിന് വ്യത്യസ്ത വ്യവസായ മേഖലകളിലായി തൊഴിലാളി/ തൊഴിലുടമ പ്രതിനിധികളും സർക്കാർ പ്രതിനിധിയും അടങ്ങുന്ന വ്യവസായ ബന്ധ സമിതികൾ പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം സംസ്ഥാനത്ത് നിലവിൽ കയർ, കാഷ്യു, കള്ള്, ടെക്സ്റ്റൈൽ, പത്രപ്രവർത്തനം, സ്വകാര്യ ആശുപത്രി, തോട്ടം, സപ്ലൈകോ, മോട്ടോർ, കുട്ടനാട്-കാർഷികമേഖല, പാചകവാതക വിതരണം എന്നീ മേഖലകളിൽ നിലവിൽ 11 വ്യവസായ ബന്ധസമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി വ്യവസായ ബന്ധസമിതിയിൽ ഉൾപ്പെട്ട തൊഴിൽ മേഖലകളെ സംബന്ധിച്ചും തൊഴിലാളികളുമായും ബന്ധപ്പെട്ട പൊതുവായ വിവിധ വിഷയങ്ങൾ സംബന്ധിച്ചും വ്യവസായ ബന്ധസമിതിയിൽ ചർച്ചചെയ്ത് പരിഹരിക്കപ്പെടുകയും പരിഹരിക്കാൻ

സാധിക്കാത്ത വിഷയങ്ങൾ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്യുന്നു. ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ തൊഴിലാളികളുടെയും ക്യാഷ്യു ഫാക്ടറിയിലെ തൊഴിലാളികൾ/ജീവനക്കാർ എന്നിവരുടെയും കയർ ഫാക്ടറി തൊഴിലാളികളുടെയും വേതന പരിഷ്കരണം അതത് വ്യവസായ ബന്ധസമിതിയിലുണ്ടാക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കപ്പെടുന്നത്. കൂടാതെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പ്ലാന്റേഷൻ ലേബർ കമ്മറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിജ്ഞാപനം ചെയ്തു വരുന്നു. കാഷ്യു, കയർ മേഖലകളിലെ തൊഴിലാളികളുടെ ബോണസ്സ്, ടെക്സ്റ്റൈൽ വ്യവസായ മേഖലയിലെ അറ്റൻഡൻസ് ഇൻസെന്റീവ് എന്നിവയും വ്യവസായ ബന്ധസമിതിയിലെ തീരുമാനത്തിൽ നിശ്ചയിക്കപ്പെടുന്നു.

ബി) തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ കൊണ്ടുവന്ന നടപടികൾ വിശദമാക്കുമോ;

ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പിനുകീഴിലെ ക്ഷേമനിധി ബോർഡുകൾ വഴി നൽകി വരുന്ന ക്ഷേമ പെൻഷൻ 600/- രൂപയിൽ നിന്ന് 1200/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ആനുകൂല്യ ഇനത്തിൽ നൽകി വരുന്ന ധനസഹായത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷയും ജീവിത സുരക്ഷയും ഉറപ്പു വരുത്തുന്നതിന് ആവാസ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിൽ അംഗങ്ങളായ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ചികിത്സാ ചെലവ് 25,000/- രൂപ (പ്രതിവർഷം) അപകട മരണം - 2,00,000/- രൂപ, അപകടത്തിൽ സംഭവിക്കുന്ന അംഗവൈകല്യം - 1,00,000/- രൂപ എന്നിങ്ങനെ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. അപകടത്തിൽ മരിച്ച ഇതര സംസ്ഥാന തൊഴിലാളിയുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള റിവോൾവിംഗ് ഫണ്ടിൽ നിന്ന് പരമാവധി 50,000/- രൂപ വരെ ധനസഹായം നൽകി വരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കി തൊഴിൽ വകുപ്പ് മുഖേന മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ ക്യാമ്പും സംഘടിപ്പിക്കുന്നതിന് പ്രതിവർഷം 50 ലക്ഷം രൂപ വിനിയോഗിക്കുന്നുണ്ട്.

സി) തൊഴിൽ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതുമൂലം തൊഴിൽ ദിനങ്ങൾ നഷ്ടമായതിന്റെ വിശദാംശം വ്യക്തമാക്കുമോ; 2018-ൽ 2017-നെ അപേക്ഷിച്ച് തൊഴിൽ ദിനങ്ങൾ ഇപ്രകാരം നഷ്ടമായത് കുറഞ്ഞിട്ടുണ്ടോ;

സി)

| | നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ | |
|---|---|---|
| | 2017 | 2018 |
| സ്ട്രൈക്ക് | 1,41,120 | 1,46,696 |

| | | |
|---|---|---|
| ലോക്ക്ഔട്ട് | 6,08,789 | 5,93,546 |
| ലേ-ഓഫ് | 5,28,930 | 4,73,044 |

സ്ട്രൈക്ക് മുഖേന 2017-നെക്കാൾ 5,576 തൊഴിൽ ദിനങ്ങൾ 2018-ൽ കൂടുതൽ നഷ്ടപ്പെട്ടിട്ടുണ്ട്. ലോക്ക്ഔട്ട് മൂലം 2017-നെ അപേക്ഷിച്ച് 2018-ൽ 15,243 തൊഴിൽ ദിനങ്ങളും ലേ-ഓഫ് മുഖേന 2017-നെ അപേക്ഷിച്ച് 2018 ൽ 55,886/- തൊഴിൽ ദിനങ്ങളും കുറച്ച് മാത്രമേ നഷ്ടപ്പെട്ടിട്ടുള്ളൂ.

ഡി) വ്യവസായശാലകളിലെ അപകടങ്ങൾ കുറച്ചുകൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഡി) ഉണ്ട്. സംസ്ഥാനത്ത് തൊഴിൽ ശാലകളിലുണ്ടായ അപകടങ്ങൾ മൂലം 2017-ൽ 16 പേർക്കും 2018-ൽ 24 പേർക്കും 2019-ൽ ( നാളിതുവരെ ) 20 പേർക്കും ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. 2017-ൽ അപകടങ്ങൾ മൂലം 236 പേർക്കും 2018-ൽ 145 പേർക്കും 2019-ൽ ( നാളിതുവരെ )128 പേർക്കും ഗുരുതരമായതോ അല്ലാത്തതോ ആയ പരിക്കുകൾ പറ്റിയിട്ടുണ്ട്. തൊഴിൽശാലകളിലെ അപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനായി സംസ്ഥാനമൊട്ടാകെ 2017 വർഷത്തിൽ 2550 തൊഴിലാളികൾക്കും 2018-ൽ 3750 തൊഴിലാളികൾക്കും തൊഴിൽ സുരക്ഷിതത്വ ബോധവത്കരണ പരിശീലനം സുരക്ഷാരഥം എന്ന മൊബൈൽ പരിശീലന വാഹനം ഉപയോഗിച്ച് നൽകിയിട്ടുണ്ട്. കൂടാതെ മേഖലാ പരിശീലന കേന്ദ്രങ്ങൾ വഴി തൊഴിലാളികൾക്ക് അവർ ചെയ്യുന്ന ജോലിയുമായി ബന്ധപ്പെട്ട സുരക്ഷിതത്വ പരിശീലനം 2017-ൽ 1743 തൊഴിലാളികൾക്കും 2018-ൽ 2499 തൊഴിലാളികൾക്കും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ തൊഴിൽ ശാലകളിലെ വർഷം തോറുമുള്ള പരിശോധന കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വെബ് എനേബിൾഡ് റിസ്ക് വെയിറ്റഡ് ഇൻസ്പെക്ഷൻ സ്കീം (WERIS) മുഖേന ഇൻസ്പെക്ടർമാർ പരിശോധന നടത്തുകയും നിയമ ലംഘനം കണ്ടെത്തുന്ന തൊഴിൽ ശാഖകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വെബ് എനേബിൾഡ് റിസ്ക് വെയിറ്റഡ് ഇൻസ്പെക്ഷൻ സ്കീം എന്ന സംവിധാനം ഉപയോഗിച്ച് അപകട സാധ്യത കൂടിയ തൊഴിൽ ശാലകളിൽ വർഷത്തിൽ ഒരു തവണയെങ്കിലും ഇൻസ്പെക്ടർമാർ കർശനമായും പരിശോധന നടത്തി വരുന്നു. തൊഴിലാളികൾക്ക് നൽകിയ പരിശീലന പരിപാടികളിലൂടെയും അപകട സാധ്യത കൂടിയ തൊഴിൽ ശാഖകളിൽ വർഷം തോറും നടത്തുന്ന കർശനമായ പരിശോധനകളുടെയും ഫലമായും കേരളത്തിൽ തൊഴിൽ അപകട നിരക്ക് കുറച്ചുകൊണ്ടു വരാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്.

Anishar

**സെക്ഷൻ ഓഫീസർ**